**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2941** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് പലിശ രഹിത വായ്പ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ട്രോളിങ് നിരോധനത്തെത്തുടർന്ന് പ്രതിസന്ധിയിലായിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പലിശ രഹിത വായ്പ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | (എ) | ട്രോളിംഗ് കാലയളവിൽ പരമ്പരാഗത യാനങ്ങൾ ഉപയോഗിച്ചുള്ള ഇതര മത്സ്യബന്ധന രീതിയ്ക്ക് നിരോധനമില്ല. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ട്രോളിംഗ് കാലയളവിൽ 4500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 3000/- രൂപ സർക്കാർ വിഹിതമാണ്. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (NCDC), ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂന പക്ഷ വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NMDFC) എന്നീ സ്ഥാപനങ്ങളുടെ ധന സഹായത്തോടുകൂടി മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിയ്ക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായി 2018-19 വർഷം മുതൽ പലിശ രഹിത വായ്പ മത്സ്യഫെഡ് വഴി നൽകി വരുന്നു. |
| (ബി) | ഡീസൽ, വല, റോപ്, എൻജിൻ ഓയിൽ തുടങ്ങിയവയുടെ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ മത്സ്യബന്ധന മേഖല നേരിടുന്ന ഇത്തരം പ്രതിസന്ധികൾ പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | മത്സ്യബന്ധന വള്ളങ്ങളിൽ ഉപയോഗിയ്ക്കുന്ന ഔട്ട്ബോർഡ് മോട്ടോറുകളുടെ ചരക്ക് സേവന നികുതി 28% ത്തിൽ നിന്നും 5% ആക്കി കുറച്ചത് വഴി ഔട്ട്ബോർഡ് എഞ്ചിനുകളുടെ വിലയിൽ 8000 മുതൽ 43000 രൂപ വരെ കുറവ് വന്നിട്ടുണ്ട്. മത്സ്യഫെഡ് വഴി വില്പന നടത്തുന്ന റോപ്പ്, വല തുടങ്ങിയവയ്ക്ക് ഈ സാമ്പത്തിക വർഷം വില വർദ്ധനവ് വരുത്തിയിട്ടില്ല. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയിയ്ക്കുന്നതിനുള്ള അധികാരം ഓയിൽ കമ്പനികളിലും കേന്ദ്ര സർക്കാരിലും നിക്ഷിപ്തമാണ്. ഡീസലിന്റെ വില്പന |

| | | | |
|---|---|---|---|
| | | | വിലയിൽ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ ലിറ്ററിന് 50/- രൂപയുടെ വർദ്ധനവ് വന്നിട്ടുണ്ട്. മത്സ്യഫെഡ് വഴി വില്പന നടത്തുന്ന ഓയിലുകൾക്ക് ഈ സാമ്പത്തിക വർഷം നാമമാത്രമായ വില വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ